# ഇസ്രയേൽ നിനക്ക് മാപ്പില്ല



**ഇസ്രയേൽ**
ഈ കുഞ്ഞു മന്ദഹാസം കെടുത്തി
നീയെന്തു നേടി
വൈറ്റ് ഫോസ്ഫറസിനാൽ
നീ പൊള്ളിച്ചത്
ലോക മനസ്സാക്ഷിയെയാണ്
ബോംബു വീഴ്ത്തുന്ന കഴുകന്മാർ
പിടിച്ചടക്കുന്നത്
അന്ധതയുടെ വൻ കടലുകളാണ്
ചരിത്രത്തിൽ
ചെകുത്താന്മാരോടൊപ്പമാണ്
അവരുടെ ഇരിപ്പിടങ്ങൾ
അവരുടെ കുട്ടികൾ പോലും
നാളെ ലജ്ജിക്കും
മഹാപരാധത്താൽ ശപിക്കപ്പെട്ട
അവരുടെ പൈതൃകമോർത്ത്
പ്രിയ ഗസ്സാ
നിന്റെ സൂര്യോദയം തിരിച്ചുവരും
പൂക്കളോടും
കുഞ്ഞുങ്ങളോടുമൊപ്പം.

**സത്യചന്ദ്രൻ പൊയിൽക്കാവ്**